**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 255** **27-01-2026 - ൽ മറുപടിയ്ക്ക്**

**പെരിറ്റോണിയൽ ഡയാലിസിസിനു വിധേയരാകുന്ന രോഗികൾക്കുള്ള ചികിത്സാ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ കോളേജുകൾ ഉൾപ്പടെയുള്ള സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പെരിറ്റോണിയൽ ഡയാലിസിസിനു വിധേയരാകുന്ന രോഗികൾക്കായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (എ) | സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിൽ 14 ജില്ലകളിലും ഹീമോഡയാലിസിസിനു ബദലായുള്ള പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിലാണ് പെരിട്ടോണിയൽ ഡയാലിസിസ് സേവനം നൽകി വരുന്നത്. നെഫ്രോളജിസ്റ്റുകൾ ഉള്ള ആശുപത്രികളിൽ പെരിട്ടോണിയൽ ഡയാലിസിസ് കത്തീറ്ററൈസേഷൻ ആരംഭിക്കുന്നത് അതാതു ആശുപത്രികളിൽ ആണെങ്കിലും നെഫ്രോളജിസ്റ്റുകൾ ഇല്ലാത്ത ആശുപത്രികളിൽ അടുത്തുള്ള മെഡിക്കൽ കോളേജുകളിലാണ് കത്തീറ്ററൈസേഷൻ നടത്തുന്നത്. പെരിറ്റോണിയൽ ഡയാലിസിസ് രോഗികൾക്ക് മെഡിക്കൽ കോളേജുകളിൽ വ്യത്യസ്ത സംവിധാനങ്ങൾ നിലവിലുണ്ട്. ഡയാലിസിസ് തുടങ്ങുന്നതിന് ആവശ്യമായ കത്തീറ്റർ വയറിൽ ഉറപ്പിക്കുന്ന ശസ്ത്രക്രിയ മെഡിക്കൽ കോളേജുകളിൽ ചെയ്യുന്നുണ്ട്. ഇതിനുശേഷം രോഗിക്കും ബന്ധുക്കൾക്കും പ്രായോഗിക പരിശീലനവും നൽകുന്നു. കൂടാതെ ഇവർക്ക് വേണ്ട PD ഫ്ലൂയിഡ്, അനുബന്ധ സാമഗ്രികൾ, മരുന്നുകൾ എന്നിവ ഇൻഷുറൻസ് സ്കീം വഴിയും അല്ലാതെയും നൽകി വരുന്നു. |
| (ബി) | ഇത്തരം രോഗികൾക്ക് കഴിഞ്ഞ കുറെ മാസങ്ങളായി മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പെരിറ്റോണിയൽ ഡയാലിസിസ് രോഗികൾക്ക് മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യം നിലവിലില്ല. |
| (സി) | പെരിറ്റോണിയൽ ഡയാലിസിസ് നടത്തുന്നതിന് നിലവിൽ മരുന്നുൾപ്പെടെ രോഗികൾക്ക് ചെലവാകുന്ന തുക എത്രയാണെന്നും ഇതിനായി വേണ്ട മരുന്നുകൾ നിലവിൽ എല്ലാ സർക്കാർ ആശുപത്രികളിലും ആവശ്യത്തിന് ലഭ്യമാണോയെന്നും പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | പെരിട്ടോണിയൽ ഡയാലിസിനു ഒരു രോഗിക്ക് ഒരു ദിവസം 350 രൂപ വിലയുള്ള 3 പെരിട്ടോണിയൽ ഡയാലിസിസ് ഫ്ലൂയിഡ് ബാഗ് ആവശ്യമാണ്. മാസത്തിൽ 90 ഫ്ലൂയിഡ് ബാഗും വർഷത്തിൽ ആയിരത്തിൽപരം ബാഗുകളുമാണ് ഓരോ രോഗിക്കും ആവശ്യമായി വരുന്നത്. പെരിറ്റോണിയൽ ഡയാലിസിസ് ചെയ്യുന്നതിന് മാസം 20,000 മുതൽ |

| | | | |
|---|---|---|---|
| | | | 30,000 രൂപ വരെയാണ് ചിലവ് വരുന്നത്. BPL, KASP രോഗികൾക്ക് ഇത് തികച്ചും സൗജന്യമാണ്. മിക്ക രോഗികളും KASP പദ്ധതി വഴിയാണ് മരുന്നുകൾ വാങ്ങുന്നത്. ഇത് ലഭ്യമല്ലാത്ത രോഗികൾ കാരുണ്യ ബനവലന്റ് ഫണ്ട് വഴിയും മരുന്നുകൾ വാങ്ങുന്നു. ഇവ രണ്ടും ലഭ്യമല്ലാത്ത രോഗികൾക്ക് മാത്രമാണ് പ്രതിമാസം 20,000 മുതൽ 30,000 രൂപ വരെ ചിലവാകുന്നത്.<br><br>സംസ്ഥാനത്ത് ഇപ്പോൾ 14 ജില്ലകളിലായി അറുനൂറോളം പേർ പെരിട്ടോണിയൽ ഡയാലിസിസിന് വിധേയരാവുന്നുണ്ട്. മരുന്നിനും ഉപകരണങ്ങൾക്കുമായി 22 കോടിയോളം രൂപ ആവശ്യമായിരിക്കെ 9 കോടി രൂപ മാത്രമാണ് കേന്ദ്ര പദ്ധതിയിലൂടെ ലഭിക്കുന്നത്. ഈ അവസ്ഥ പരിഹരിക്കുന്നതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഫണ്ടുകൾ ഉപയോഗിക്കുന്നതിനു തീരുമാനമെടുത്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | മരുന്നുകളുടെ അഭാവം മൂലം പെരിറ്റോണിയൽ ഡയാലിസിസ് നടത്താനാകാതെ അസുഖം മൂർച്ഛിക്കുന്ന രോഗികളെ പതിവായി സർക്കാർ അശുപത്രികളിൽ അഡ്മിറ്റ് ചെയ്യേണ്ടി വരുന്ന സാഹചര്യം ഉണ്ടാകുന്നുണ്ടോ; എങ്കിൽ വൃക്ക രോഗികളുടെ ജീവന് തന്നെ ഭീഷണിയാകുന്ന ഈ പ്രതിസന്ധി ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ? | (ഡി) | പെരിട്ടോണിയൽ ഡയാലിസിസ് മുടങ്ങിയതിന്റെ പേരിൽ ജില്ലകളിലൊന്നും തന്നെ രോഗം മൂർച്ഛിച്ച് രോഗികളെ അഡ്മിറ്റ് ചെയ്യപ്പെടുന്ന സാഹചര്യം നിലവിലില്ല. എന്നാൽ രോഗം മൂർച്ഛിച്ച് അഡ്മിറ്റ് ആകുന്ന രോഗികൾക്ക് ഹീമോ ഡയാലിസിസ് അല്ലെങ്കിൽ കൂടുതൽ പെരിറ്റോണിയൽ ഡയാലിസിസ് നൽകി ചികിത്സിക്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ